യോഗ്യതകൾ നിശ്ചയിച്ചതിനാൽ ബന്ധപ്പെട്ട റൂൾസ് പരിശോധിച്ച നിയമസഭാ സമിതി പ്രസ്തുത റൂൾ റദ്ദ് ചെയ്ത് കേന്ദ്ര ചട്ടങ്ങൾക്ക് അനുസൃതമായി പുതിയ റൂൾസ് പുറപ്പെടുവിക്കുവാൻ നിർദ്ദേശിക്കുകയും സർക്കാർ ആയത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിരുന്നു. ഇതിന്റെ തുടർച്ചയായി കേന്ദ്ര ചട്ടങ്ങൾക്കനുസൃതമായി സർക്കാർ പുതിയ കരട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരികയാണ്.

കയർ മേഖലയെ ശാക്തീകരിക്കുന്നതിന് സഹായം

178(3061) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കയർ മേഖല ശാക്തീകരിക്കുന്നതിന് കേന്ദ്ര സർക്കാരിൽനിന്നും ലഭ്യമാകുന്ന സഹായങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

കയർ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന "കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം" (Market Development Assistance-MDA) എന്ന പദ്ധതിക്ക് കേന്ദ്രത്തിൽനിന്നും വിഹിതം ലഭിച്ചു വരുന്നു. വിപണന വികസന ധനസഹായമായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും 50:50 എന്ന അനുപാതത്തിലാണ് വഹിക്കുന്നത്. കയറും കയറുൽപ്പന്നങ്ങൾ പ്രോത്സാഹിപ്പിക്കൽ, വിപണിവികസന പരിപാടി മുതലായവയ്ക്ക് നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര വിഹിതവും ചേർത്ത് പദ്ധതി വിഹിതം ഉപയോഗിക്കുന്നു.

കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്ന കർമ്മപദ്ധതികൾ

179(3062) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയ്ക്ക് ഊർജ്ജം നൽകുന്നതിന് കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly